# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3824 25.06.2013 -ൽ മറുപടിക്ക്

### ഭവന നിർമ്മാണ ബോർഡിന്റെ 2013-2014 ലെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 2013-14 ലെ പദ്ധതികൾ എന്തെല്ലാമാണ്; | (എ) ഭവന നിർമ്മാണ ബോർഡിന്റെ 2013-14 വർഷത്തെ പദ്ധതികൾ താഴെ പറയുന്നവയാണ്<br>1. ഇന്നൊവേറ്റീവ് ഭവന പദ്ധതി - പൂജപ്പുര<br>മൂന്നാം ഘട്ടം (24 ഫ്ളാറ്റുകൾ)<br>2. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതികൾ<br>(i) ദേവികുളം - മൂന്നാംഘട്ടം (6 ഫ്ളാറ്റുകൾ)<br>(ii) കാസർഗോഡ് - മൂന്നാംഘട്ടം (12 ഫ്ളാറ്റുകൾ)<br>(iii) കുട്ടനെല്ലൂർ (6 ഫ്ളാറ്റുകൾ)<br>3. സാഫല്യം ഭവന പദ്ധതി - 294 ഫ്ളാറ്റുകൾ (ഒന്നാംഘട്ടം)<br>4. ഗൃഹശ്രീ ഭവന പദ്ധതി - 5000 വീടുകൾ<br>5. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ<br>(i) തിരുവനന്തപുരം N[illegible] (73 കിടക്കകൾ)<br>(ii) എറണാകുളം - ഇടപ്പള്ളി (9[illegible] കിടക്കകൾ) |

(iii) തൃശ്ശൂർ - പാലക്കുടി

(77 കിടക്കകൾ)

(iv) തൃശ്ശൂർ - മുളംകുന്നത്തുകാവ്

(142 കിടക്കകൾ)

6. പാരമ്പര്യ മാതൃകയിൽ ഫ്ളാറ്റ് നിർമ്മാണ പദ്ധതി

(i) തിരുവനന്തപുരത്ത് അമ്പലനഗറിൽ 68 ഫ്ളാറ്റുകൾ.

(ii) കൊച്ചിയിൽ പനമ്പള്ളി നഗറിൽ 32 ഫ്ളാറ്റുകൾ

7. തൊടുപുഴ സിറ്റിസെന്റർ നിർമ്മാണ പദ്ധതി

8. ഹരിപ്പാട് റവന്യൂ ടവർ പദ്ധതി

9. സാന്ത്വനം വാടകവീട് പദ്ധതി

10. കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി - രണ്ടാംഘട്ടം

11. കൊച്ചി മറൈൻ ഡ്രൈവിൽ പി.പി.പി. മാതൃകയിൽ ഫൈനാൻസ് സിറ്റി പദ്ധതി

12. അന്യസംസ്ഥാന തൊഴിലാളികൾക്കുള്ള നൈറ്റ് ഷെൽട്ടർപദ്ധതി

13. സായൂജ്യം ഭവന പദ്ധതി - 2012-13 ൽ അംഗീകരിച്ചത്

14. സാഫല്യം ഭവന പദ്ധതി - 2012-13 ൽ അംഗീകരിച്ചത്

15. സുരക്ഷ ഭവന പദ്ധതി- തുടർ പദ്ധതികൾ

16. എം.എൻ.ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി- തുടർ പദ്ധതികൾ

(ബി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി എത്ര തുക വേണ്ടി വരുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്;

(ബി) മേൽ പറഞ്ഞ പദ്ധതികൾക്ക് യഥാക്രമം താഴെ പറയുന്ന ചെലവ് കണക്കാക്കിയിട്ടുണ്ട്.

1. 300 ലക്ഷം രൂപ
2. (i) 231 ലക്ഷം രൂപ
   (ii) 238 ലക്ഷം രൂപ
   (iii) 131 ലക്ഷം രൂപ
   } 600 ലക്ഷം രൂപ
3. 600 ലക്ഷം രൂപ (സർക്കാർ സബ്സിഡി)
4. 1050 ലക്ഷം രൂപ - 525 വീടുകൾക്ക് സർക്കാർ സബ്സിഡി
5. (i) 744.50 ലക്ഷം രൂപ
   (ii) 748.24 ലക്ഷം രൂപ
   (iii) 610.86 ലക്ഷം രൂപ
   (iv) 814.90 ലക്ഷം രൂപ
6. (i) 4377.88 ലക്ഷം രൂപ
   (ii) 2218 ലക്ഷം രൂപ
7. 8849.20 ലക്ഷം രൂപ
8. 2690 ലക്ഷം രൂപ
9. പദ്ധതി ചെലവ് കണക്കാക്കിയിട്ടില്ല
10. 2108 ലക്ഷം രൂപ
11. സംയുക്ത സംരംഭ പദ്ധതിയായതിനാൽ കൃത്യമായ പദ്ധതി രൂപകല്പന ചെയ്ത് പദ്ധതിച്ചെലവ് കണക്കാക്കിയിട്ടില്ല. കൺസൾട്ടന്റ്/ഡെവലപ്പറെ കണ്ടെത്തി കഴിഞ്ഞാൽ മാത്രമേ പദ്ധതി രൂപകല്പന ചെയ്യാനാവൂ.
12. ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച ഈ പദ്ധതിയുടെ രൂപകല്പന ചെയ്തിട്ടില്ല. ഇതിനുവേണ്ടിയുള്ള ചർച്ചകൾ നടന്നുവരുന്നു. പദ്ധതി രൂപകല്പന പൂർത്തിയായതിന് ശേഷം പദ്ധതി ച്ചെലവ് കണക്കാക്കുന്നതാണ്.
13. സായൂജ്യം ഭവന പദ്ധതി -
    2013-14 വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല.
14. സങ്കേതം ഭവന പദ്ധതി -
    2013-14 വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല.
15. സുരക്ഷ ഭവന പദ്ധതി -
    (പദ്ധതി രൂപകല്പന ചെയ്തു വരുന്നു.)
16. എം.എൻ. ലക്ഷംവീട് പുനർ നിർമ്മാണ പദ്ധതി -
    (പദ്ധതി രൂപകല്പന ചെയ്തു വരുന്നു.)

ഇതിനകം അനുവദിച്ച തുക ഉപയോഗിച്ച് നിർമ്മാണം ഏറ്റെടുത്തവയുടെ പൂർത്തീകരണം മാത്രം ലക്ഷ്യമിടുന്നു.

(സി) ഈ പദ്ധതികൾക്കാവശ്യമായ ഫണ്ടിനുവേണ്ടിയുള്ള ധനസമാഹരണ മാർഗ്ഗങ്ങൾ എന്തൊക്കെയാണ്;

(സി) സംസ്ഥാന ബജറ്റിലൂടെ അനുവദിക്കുന്ന തുകയും ബോർഡിന്റെ തനതു ഫണ്ടും കേന്ദ്ര സർക്കാർ സഹായം മുഖ്യമായ വർക്കിംഗ് വിമൻസ് ഹോസ്റ്റലിന് കേന്ദ്ര സഹായവും സ്വീകരിച്ച് പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) ഭവന നിർമ്മാണ ബോർഡ് ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സ്വന്തമായിത്തന്നെ നിർവ്വഹിക്കുന്നതിനാവശ്യമായ എഞ്ചിനീയറിംഗ് വിഭാഗം ബോർഡിനുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഭവന നിർമ്മാണ ബോർഡ് ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സ്വന്തമായി നിർവ്വഹിക്കുന്നതിന് എല്ലാ ജില്ലകളിലും എക്സി. എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ ജില്ലാതല ഡിവിഷൻ ഓഫീസുകളും മേഖലാ എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ തിരുവനന്തപുരം/ കൊച്ചി/കോഴിക്കോട് എന്നീ മേഖലാ ഓഫീസുകളും നിലവിലുണ്ട്. കൂടാതെ ഭവന നിർമ്മാണ ബോർഡിന്റെ ആസ്ഥാനത്തിൽ ചീഫ് എഞ്ചിനീയറുടെ കീഴിൽ ആർക്കിടെക്ചറൽ വിഭാഗം, പ്ലാനിംഗ് വിഭാഗം, വർക്ക്സ് വിഭാഗം, ഡിസൈൻ വിഭാഗം, മോണിറ്ററിംഗ് വിഭാഗം എന്നിവയും പ്രവർത്തിക്കുന്നുണ്ട്.

(ഇ) ബോർഡ് ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ മറ്റ് ഏതെല്ലാം ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ?

(ഇ) ബോർഡ് ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ മറ്റ് ഏജൻസികളെ ഏൽപ്പിക്കാറില്ല. എന്നാൽ കരാറുകാർ മുഖേന നിർമ്മാണ നിർവ്വഹണം നടത്താറുണ്ട്.

സെക്ഷൻ ഓഫീസർ